പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1454

14/12/2012 -ൽ മറുപടിയ്ക്ക്

**മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധി പുനക്രമീകരിക്കൽ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ. | ശ്രീ. കെ.സി.ജോസഫ്, ( ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധി പുനക്രമീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) & (സി) കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും അദ്ധ്യായം III 4(2) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളതല്ല. |
| (സി) ഇല്ലെങ്കിൽ നിയമസഭാ മണ്ഡലപരിധിയും, ബ്ലോക്ക് പഞ്ചായത്ത് പരിധിയും വ്യത്യസ്തമായതിനാൽ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും , അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾ പുനഃക്രമീകരിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ? | |

സെക്ഷൻ ആഫീസർ